ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട ഹസൻ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞതായ കാര്യത്തെപ്പറ്റി പറഞ്ഞു. അത് രാഷ്ട്രീയപരമായ കാരണങ്ങളാലാണോ? രാഷ്ട്രീയപരമായ കാരണങ്ങളല്ലാതെ തന്നെ കൊല്ലം, കൊല്ലം ഇങ്ങനെ പോവുകയാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്ന സമയത്ത് ചില ആലോചനകളെല്ലാം നടന്നു. ഞാനും അതിൽ പങ്കാളിയായിരുന്നു. അങ്ങ് അത് പെർസ്യൂ ചെയ്യണമെന്നാണ് എനിക്ക് വിനീതമായി അഭിപ്രായപ്പെടാനുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ നേരത്തെ തന്നെ ഗവൺമെൻറിൻെറ നിലപാട് പറഞ്ഞു. വോട്ട് ഓൺ അക്കൗണ്ട് അനിശ്ചിത കാലത്തേക്ക് നീണ്ടുപോകുന്നതിനോട് യോജിപ്പില്ല. എങ്ങനെ നമുക്ക് അതിനെ കുറച്ചു കൊണ്ടുവരാം, വോട്ട് ഓൺ അക്കൗണ്ട് തന്നെ ഒഴിവാക്കാൻ പററുമോ, ഏത് സാഹചര്യത്തിൽ പററും, സബ്ജക്ട് കമ്മററിയുടെ..........

മി. സ്പീക്കർ: ഒരിക്കലും വോട്ട് ഓൺ അക്കൗണ്ട്സ് ഒഴിവാക്കാൻ പററുകയില്ല. ഒരു ചെറിയ കാലഘട്ടത്തിലേയ്ക്ക് വേണ്ടിവരും.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): അതിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായിട്ട്, ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് അനുകൂലമാണ്. പ്രതിപക്ഷം കൂടെ സഹകരിച്ചാൽ അത് ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരിയമ്മ അവതരിപ്പിച്ച 2-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി എൻ. കെ. രാധയുടെ ഭേദഗതി ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ചത് സഭ വോട്ടിനിട്ട് നിരാകരിച്ചു.

1991-ലെ കേരള താൽക്കാലിക നികുതി പിരിക്കൽ (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിററിക്ക് അയച്ചു.

# VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## (1) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം.

### (i) 1991-ലെ കേരള കാർഷിക വിള ഇൻഷ്വറൻസ് ബിൽ

(ശ്രീ. സി. കെ. ചന്ദ്രപ്പൻ നോട്ടീസ് നൽകിയത്).

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, 1991-ലെ കേരള കാർഷികവിള ഇൻഷ്വറൻസ് ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

**Mr. Speaker:** Minister, have you anything to say on the Bill?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു വാചകം പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇതിനോടകം തന്നെ നെൽകൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ അത് അത്രമാത്രം വിജയകരമായി നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. മററു വിളകൾക്കുകൂടി ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നുള്ള കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ശ്രീ. കാനം രാജേന്ദ്രൻ ഇതുപോലുള്ള ഒരു ബിൽ അവതരിപ്പിച്ചതിനെത്തുടർന്ന് അന്നത്തെ ഗവൺമെൻറ് ഒരു ഹൈപവർ കമ്മിററിയെ വച്ചിരുന്നു. ആ കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. ഗവൺമെൻറ് അതു സംബന്ധിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് വ്യക്തമായിട്ടുള്ള നടപടികൾ അത് പഠിച്ചതിനു ശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇങ്ങനെയൊരു നിയമ നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുന്നതിനു മുൻപ് ഇതിന്റെ കുറച്ചുകൂടി വിശദാംശങ്ങൾ ഗവൺമെൻറിന് പഠിക്കേണ്ടതുണ്ട്. ആ ഹൈപവർ കമ്മിററിയുടെ റിപ്പോർട്ട് പഠിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മെമ്പർ ഇപ്പോഴത്തെ ഈ നിയമം പ്രസ്സ് ചെയ്യരുതെന്നുള്ളതാണ് അഭ്യർത്ഥന. ഇതിനെ തത്വത്തിൽ എതിർക്കുകയല്ല. തത്വത്തിൽ അംഗീകരിച്ചുകൊണ്ടുതന്നെ ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പ്രായോഗിക വശങ്ങൾ ഗവൺമെൻറിന് ഇന്നു ലഭിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഇത്തരമൊരു ബിൽ അവതരിപ്പിക്കുന്നതിന് ഗവൺമെൻറിന് ഉദ്ദേശമുണ്ടെന്നു പറഞ്ഞതിലും ധനകാര്യ മന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇതു പരിഗണിക്കാമെന്നു പറഞ്ഞ

11 a.m.] തിലും എനിക്ക് സന്തോഷമുണ്ട്. ഇത്തരം ബില്ലുകൾ ഞങ്ങൾ വളരെ പ്രയാസപ്പെട്ട് എഴുതി സഭയിൽ അവതരിപ്പിക്കുമ്പോൾ ഒരു ചോദ്യം ചോദിക്കുന്നതിനുള്ള പരിഗണനപോലും കിട്ടുന്നില്ല എന്നുള്ള കാര്യമാണ് എനിക്ക് പറയാനുള്ളത്. എന്നാൽ ഈ കാര്യങ്ങൾ പാർലമെൻറിൽ ഇങ്ങനെയല്ല ചെയ്യുന്നത്. ഇവിടത്തെ നിയമം അനുസരിച്ചും അങ്ങനെയല്ല ചെയ്യുന്നത്.

മി. സ്പീക്കർ: പാർലമെൻറിലെ സമ്പ്രദായവും നമ്മുടെ നിയമസഭയിൽ അനുവർത്തിച്ചുവരുന്ന സമ്പ്രദായവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. അത് പരിഗണിക്കാവുന്നതാണ്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഞാൻ ഇക്കാര്യത്തിൽ സ്പീക്കർക്ക് എതിരാണ്.

മി. സ്പീക്കർ: നമ്മുടെ പ്രൈവററ് മെമ്പേഴ്സ് ബിൽസ് ആൻറ് റസലൂഷൻസ് കമ്മിററിയിൽ വച്ചിട്ട് ഈ സിസ്ററം പുനഃപരിശോധിക്കുന്നത് നല്ലതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഇത്തരം ബില്ലുകൾ വാസ്തവത്തിൽ വളരെ മുൻപേ വരേണ്ടതായിരുന്നു. ഒരു കാർഷിക രാജ്യമായ ഇൻഡ്യയിൽ പ്രത്യേകിച്ചും നമ്മുടെ നാട്ടിൽ കാലാവസ്ഥയെ മാത്രം ആശ്രയിച്ചാണ് മിക്കവാറും കൃഷികളും നടത്തുന്നത്. ആയതിനാൽ പ്രകൃതിക്ഷോഭം കൊണ്ട് കാർഷിക മേഖലയിൽ നഷ്ടവും തകർച്ചയുമുണ്ടാകുകയും കൃഷിക്കാർ വഴിയാധാരമാകുകയും ചെയ്യുക സർവ്വസാധാരണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കൃഷിയെ സംബന്ധിച്ചിടത്തോളം വിള ഇൻഷ്വറൻസ് പദ്ധതിയുണ്ട്. മന്ത്രിക്കും ചെയറിനും അറിയാമായിരിക്കും. അത് കേന്ദ്ര ഗവൺമെൻറിൻെറ സ്കീമാണ്. കേരള ഗവൺമെൻറിന് അത്തരമൊരു നിയമ നിർമ്മാണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെൻറിൻെറ നിലവിലുള്ള സ്കീമാണെങ്കിൽ നൂറായിരം പരിമിതികൾ കൃഷിക്കാർക്ക് സൃഷ്ടിച്ചുകൊണ്ടാണ് കാർഷിക വിള ഇൻഷ്വറൻസ് നിയമം നടപ്പിലാക്കുന്നത്. അതു ഗുണത്തേക്കാൾ ഒരുപക്ഷെ ശാപമാണെന്നാണ് കർഷകർ പലപ്പോഴും പറയുന്നത്. അങ്ങുതന്നെ ഒരു കൃഷിക്കാരൻ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പാലക്കാട്, കുട്ടനാടു മേഖലകളിലെ കർഷകർ ഇതിനെപ്പററി പറയുന്നത് വായ്പ എടുക്കാനായി ഫൈനാൻസ് കമ്മീഷനെ സമീപിക്കുമ്പോൾ ആദ്യം ചെയ്യുന്നത് ഇൻഷ്വറൻസിൻെറ പ്രീമിയം കട്ട് ചെയ്യുകയാണെന്നാണ്. അതു കൃത്യമായി നടക്കാറുണ്ട്. ആ നിയമം കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് പ്രായോഗികമല്ല. വടക്കേ ഇൻഡ്യയിൽ വരൾച്ചയുണ്ടാവുക എന്നു പറഞ്ഞാൽ ഒരു രാജ്യത്ത് മുഴുവൻ വരൾച്ചകൊണ്ടു നാശമുണ്ടാകും. എന്നാൽ കേരളത്തിൽ അങ്ങനെ ഉണ്ടാകാറില്ല. ഇവിടെ കൃഷിനാശമുണ്ടാകുമ്പോൾ ഒരു താലൂക്ക് അടിസ്ഥാനപ്പെടുത്തി ഇത്ര ശതമാനം നഷ്ടപ്പെട്ടുവെങ്കിൽ അതിനു ഇൻഷ്വറൻസ് ബെനിഫിററു കിട്ടണം. ഇങ്ങനെയൊരു നിയമം ഉണ്ടാക്കിയാൽ ഈ സംസ്ഥാനത്തെ കർഷകന് വായ്പയെടുക്കുമ്പോൾ പ്രീമിയം കൊടുക്കാമെന്നല്ലാതെ അവന് കാർഷികവിള ഇൻഷ്വറൻസിൻെറ ആനുകൂല്യം കിട്ടുന്നില്ല. വളരെ പരിമിതമായ ആനുകൂല്യമാണ് കിട്ടുന്നത്. അപ്പോൾ കേരളത്തിൻെറ സാഹചര്യങ്ങൾക്ക് അനുസരിച്ച് നിയമമുണ്ടാക്കണം. അത് കേരള അസംബ്ലിയുടെ ചുമതലയാണ്. ഇതുവരെ ഇക്കാര്യത്തിൽ ആരും മുൻകൈയെടുത്തിട്ടില്ല. നേരത്തെ ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ ഒരു നിയമം അവതരിപ്പിച്ചതിനെക്കുറിച്ചു പറഞ്ഞു. അന്ന് കേരള അസംബ്ലിക്ക് ഇത്തരമൊരു നിയമം നടപ്പാക്കാൻ ലെജിസ്ലേററീവ് കോമ്പിററൻസുണ്ടോ എന്നു ചർച്ച ചെയ്യേണ്ടിവന്നു. കാരണം ഇതിൽ കേന്ദ്ര നിയമമുണ്ട് എന്നുള്ളതുതന്നെ. എന്നാൽ ലെജിസ്ലേററീവ് കോമ്പിററൻസ് ഉണ്ടെന്ന് പ്രൈവററ് മെമ്പേഴ്സ് ബിൽ കമ്മിററി അഡ്വക്കേററ് ജനറലിനെ കൂടെ വിളിച്ചു വരുത്തി ചർച്ച ചെയ്ത് തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിലാണ് ആ ബില്ലിനെക്കുറിച്ച് തുടർന്ന് നടപടിയാകാമെന്ന് തീരുമാനിക്കപ്പെട്ടത്. അപ്പോൾ മന്ത്രി ഇന്ന് അറിയേണ്ട ഒരു കാര്യം കേരള അസംബ്ലിക്ക് ലെജിസ്ലേററീവ് കോമ്പിററൻസ് ഉണ്ടെന്നു തീരുമാനിക്കപ്പെട്ടു. വളരെ സമഗ്രമായ ഒരു ബിൽ ഇക്കാര്യത്തിൽ കൊണ്ടുവന്ന് നമുക്ക് കേരളത്തിലെ കൃഷിക്കാരോട് നീതി ചെയ്യാൻ കഴിയും, അതിന് ഒരു റിപ്പോർട്ടിനെപ്പററി പറയുകയുണ്ടായി. ആ അടിസ്ഥാനത്തിലാണ് ഞാൻ ശ്രീ. കാനം രാജേന്ദ്രൻെറ ആ ബില്ലിനെപ്പററി അന്വേഷണം നടത്തിയത്. ഇതിൽ ഞാൻ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അത് മിനിസ്ററുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകും. അന്ന് സർ, കൃഷിക്കാരെ കൂടി ഉൾപ്പെടുത്തണമെന്നു പറഞ്ഞപ്പോൾ അഡ്മിനിസ്ട്രേററീവായിട്ടുള്ള ഒരുപാട് ഇൻകൺവീനിയൻസ് വരും ഒരുപാട് കോസ്ററ് വരും എന്നു പറഞ്ഞു. എന്നാൽ ഇപ്പോൾ ഈ ബില്ലിൽ മാർജിനൽ കർഷകർ വരണം. 50 സെൻറ് കൃഷിഭൂമിയുള്ള കൃഷിക്കാരെ ഈ ഇൻഷ്വറൻസ് ഫണ്ടിൻെറ ബെനിഫിഷ്യറീസായി കൊണ്ടുവരണം. അങ്ങനെയൊരു മാററം വരുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിൽ അഡ്മിനിസ്ട്രേററീവ് കോസ്ററിൻെറ ഒരു ഭീകര ചിത്രം വരച്ച് കാണിച്ച് ഇത്തരമൊരു നിയമത്തിൻെറ പ്രായോ

ഗികമായ ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ബില്ല് പരിഗണിക്കാമെന്നു മന്ത്രി പറയുകയുണ്ടായി. നേരത്തെയുള്ള ബില്ലിന്റെ വ്യത്യാസവും ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിന്റെ വ്യത്യാസവും കൂടി കണക്കിലെടുത്തുകൊണ്ടുവേണം ആ റിപ്പോർട്ടിനെക്കുറിച്ച് പരിശോധന നടത്താൻ.

(ചർച്ച തുടരും)

## (ii) 1991-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, 1991-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബില്ല് അവതരിപ്പിക്കാനുള്ള അനുമതിക്ക് വേണ്ടിയുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ അത് ഒപ്പോസു ചെയ്യുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഇതൊരു പ്രധാനപ്പെട്ട ബില്ലാണ്. The Code of Criminal Procedure-ന്റെ 161-ാമത്തെ വകുപ്പിന് ഒരു ഭേദഗതിയാണ്. In the Code of Criminal Procedure, 1973 (Central Act II of 1974), (hereinafter referred to as the principal Act) after sub-section (3) the following sub-section shall be inserted, namely:—

"(4) Such Police Officer shall immediately forward the record of statement of each person whose statements have been recorded under sub-section (3) to the Magistrate taking cognizance". സർ, ഇത് ഗവൺമെന്റിന് ബുദ്ധിമുട്ടുള്ള ഒരു കാര്യമല്ല. യഥാർത്ഥത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന നടപടി, പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ പീരേഡിൽ നടന്നുകൊണ്ടിരിക്കുന്ന പ്രൊസീഡ്യറിൽ ഒരു ചെറിയ മാററമാണ്. ഇന്ന് എഫ്.ഐ.ആർ. കൊടുത്തു കഴിഞ്ഞിട്ട് കേസിന്റെ ഇൻവെസ്റ്റിഗേഷൻ പീരേഡിൽ ഒന്നാമത്തെ സബ് സെക്ഷനിൽ പറയുന്നത് ആവശ്യമായ തെളിവ് കിട്ടത്തക്കവണ്ണം ആരെ വേണമെങ്കിലും പോലീസിന് കസ്റ്റഡിയൻ ചെയ്യാം. രണ്ടാമത്തെ സബ് സെക്ഷനിൽ പറയുന്നത് അങ്ങനെ വിളിക്കപ്പെടുന്നവർ സത്യസന്ധമായ വിവരം കൊടുക്കണം. മൂന്നാമത്തേതിൽ പറയുന്നത് ആ സ്റ്റേറ്റുമെന്റ് രേഖപ്പെടുത്തണം. അങ്ങനെ രേഖപ്പെടുത്തണമെന്നല്ലാതെ അതു പിന്നെ മജിസ്ട്രേട്ടിന് അയയ്ക്കണമെന്നു പറയുന്നില്ല. സർ, എഫ്.ഐ.ആറിൽ വ്യക്തമായി പറയുന്നത് 24 മണിക്കൂറിന് മുമ്പ് മജിസ്ട്രേട്ടിന് കൊടുക്കണമെന്നാണ്. എന്നാൽ ഇതിൽ അങ്ങനെയൊരു വ്യക്തതയില്ല. സാധാരണ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് 161 (3) അനുസരിച്ച് ഒരു സ്റ്റേറ്റുമെന്റ് റിക്കാർഡുചെയ്താൽ സാധാരണഗതിയിൽ ചാർജ് കൊടുക്കുന്ന അവസരത്തിലാണ് ഇത് സാധാരണ കൊടുക്കാറുള്ളത്. നീതി നിർവ്വഹണത്തിന് ഇത് ശരിയാവുകയില്ല. കേസെടുക്കുന്ന അവസരത്തിൽ എടുക്കുന്ന സ്റ്റേറ്റുമെന്റ് ചാർജ് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly